**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **29-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിപണിയിലെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിൽ സർക്കാർ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയ.റ്റം അവലോകനം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ 11/07/2023 ൽ നടന്ന വീഡിയോ കോൺഫെറൻസ് മുഖേന ഒരു യോഗം ചേരുകയും ടി യോഗത്തിന്റെ മിനിട്ട്സിലെ എട്ടാമത്തെ തീരുമാനപ്രകാരം സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ബഹു ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച സ.ഉ.(സാധാ) നം. 473/2023/ഭ.പൊ.വി.വ. തീയതി 24/11/2023 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് കമ്മിറ്റി നാല് മാസത്തിൽ ഒരിക്കൽ യോഗം കൂടി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച സ്ഥിതി വിലയിരുത്തുന്നതിനും, ജില്ല കളക്ടർമാർ, ഭക്ഷ്യ -കൃഷി, വകുപ്പ് ജില്ല തല ഉദ്യോഗസ്ഥരുമായി എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ പൊതു വിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം ഉന്നതതല യോഗത്തിൽ സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യ, കൃഷി വകുപ്പ് ജില്ലാ തല ഉദ്യോഗസ്ഥരുമായി ജില്ലാ കളക്ടർമാർ യോഗം ചേരുകയും |

| | | | |
|---|---|---|---|
| | | | പൊതുവിപണയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |
| (സി) | പൊതുവിപണിയിൽ ഇടപെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം നൽകി വരുന്നുണ്ടോ; എങ്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തിക വർഷം എത്ര തുക നൽകാനാണ് പ്രഖ്യാപനം നടത്തിയത്; അതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | (സി) | പൊതുവിപണിയിൽ ഇടപെടുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റിൽ ഒരു നിശ്ചിത തുക ധനസഹായമായി വകയിരുത്താറുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ആകെ 190.80 കോടി രൂപ ബജറ്റിൽ വകയിരുത്തിയത് മുഴുവനായി അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>G.O(Rt) No.334/2023/F&CSD dtd 03.8.23 പ്രകാരം 70 കോടി രൂപയും, G.O(Rt) No.354/2023/F&CSD dtd 21.8.23 പ്രകാരം 70 കോടി രൂപയും വിപണിയിടപെടലിനായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2023 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക് സൗജന്യ കിറ്റ് വിതരണം ചെയ്യുന്നതിനായി 32.27 കോടി രൂപയും, 2022 ഓണക്കാലത്ത് AAY റേഷൻ കാർഡ് ഉടമകൾക്ക് പഞ്ചസാര വിതരണം ചെയ്ത വകയിൽ ഉണ്ടായ നഷ്ടം നികത്തുന്നതിനായി 0.897 കോടി രൂപയും, ബജറ്റിൽ വിപണിയിടപെടലിനായി വകയിരുത്തിയ 190.80 കോടി രൂപയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 17.633 കോടി രൂപ വിപണിയിടപെടലിനായി സമർപ്പിച്ച 2023-24ലെ ക്ലെയിം പ്രകാരം അനുവദിച്ച് സപ്ലൈകോയുടെ ട്രഷറി അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ആവശ്യമായ നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവും വ്യക്തമാക്കാമോ; | (ഡി) | ഇത് സംബന്ധിച്ച കണക്ക് വകുപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സംസ്ഥാനത്തെ ഭക്ഷ്യ സാധനങ്ങളുടെ ദൗർലഭ്യം നേരിടുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായം യഥാസമയം അഭ്യർത്ഥിക്കാറുണ്ട്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിന് നിരവധി നിവേദനങ്ങൾ നൽകുകയും സംസ്ഥാന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയും ഉദ്യോഗസ്ഥരും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുമായും ഉദ്യോഗസ്ഥരുമായും നിരന്തരം ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതുവരെ അനുകൂല നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. |
| (ഇ) | സംസ്ഥാനത്തെ ഭക്ഷ്യ സാധനങ്ങളുടെ ദൗർലഭ്യം നേരിടുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | (ഡി) പിരിവിൽ കാണാവുന്നതാണ് |

സെക്ഷൻ ഓഫീസർ